**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 512** **09-08-2023 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ മെഡിസെപ്പിൽ ഉൾപ്പെടുത്തി ഒരു വർഷം കൊണ്ട് എത്ര കോടി രൂപയുടെ ആനുകൂല്യങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത്; എത്ര പേർക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചത്;വിശദമാക്കാമോ; | (എ) | **സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ മെഡിസെപ്പിൽ 25.07.2023 വരെ 2,93,800 പേർക്ക് 742,46,58,000/- രൂപയുടെ ആനുകൂല്യം നൽകിയതായി ഇൻഷുറൻസ് കമ്പനി ലഭ്യമാക്കിയ വിവരം മെഡിസെപ് വെബ്സൈറ്റിലെ ഡാഷ് ബോർഡിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.** |
| (ബി) | മെഡിസെപ്പ് പദ്ധതിയിൽ പ്രധാനപ്പെട്ട കൂടുതൽ ആശുപത്രികളെ ഉൾപ്പെടുത്താനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | ആശുപത്രികളുടെ എംപാനൽമെന്റ് നടത്തുന്നത് ഇൻഷുറൻസ് കമ്പനിയാണ്. എന്നിരുന്നാലും ആശുപത്രികളുടെ എണ്ണം കുറവുള്ള സ്ഥലങ്ങൾ കണ്ടെത്തി അവിടെയുള്ള പ്രധാനപ്പെട്ട ആശുപത്രികളുടെ ലിസ്റ്റ് ശേഖരിച്ച് എംപാനൽമെന്റ് നടത്തുന്നതിനുള്ള നിർദ്ദേശം അവലോകന യോഗങ്ങളിൽ ഇൻഷുറൻസ് കമ്പനിക്ക് നൽകിയിട്ടുണ്ട്. കൂടാതെ എംപാനൽമെന്റ് ഒരു തുടർപ്രവർത്തനമാണ്. മെഡിസെപ്പിന്റെ വ്യവസ്ഥകൾ പാലിക്കുന്ന ആശുപത്രികളെ/ വിഭാഗങ്ങളെ പദ്ധതി കാലയളവിൽ എപ്പോൾ വേണമെങ്കിലും എംപാനൽ ചെയ്യാവുന്നതാണ്. |

സെക്ഷൻ ഓഫീസർ